51/DGE/HSE/NSS/2020


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം


15/06/2020

## സർക്കുലർ

പ്രിയപ്പെട്ട പ്രോഗ്രാം ഓഫീസർമാരെ,

എൻ. എസ്. എസ് പ്രോഗ്രാം ഓഫീസർമാരിൽ നിരവധി പേർ 3 വർഷം അല്ലെങ്കിൽ 4 വർഷം കാലാവധി പൂർത്തീകരിച്ചിരിക്കുകയാണ്. ഇക്കാലയളവിൽ എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാർ എന്ന നിലയിൽ ഇവർ നടത്തിയ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു. കോവിഡ് പ്രതിസന്ധികൾക്കിടയിലും യൂണിറ്റ് തല പ്രവർത്തനങ്ങൾ ഭംഗിയായി ഏകോപിപ്പിക്കുവാൻ കാണിച്ച ആത്മാർത്ഥമായ പരിശ്രമങ്ങളെ പ്രത്യേകം ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. തുടർന്നും നിങ്ങളുടെ സഹായ സഹകരണങ്ങൾ എൻ എസ് എസ് പ്രവർത്തനങ്ങളിലുണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കാലവധി പൂർത്തീകരിച്ച പ്രോഗ്രാം ഓഫീസർമാർക്ക് പകരം പുതിയ പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുവാൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കണം. പുതിയ പ്രോഗ്രാം ഓഫീസർ ചാർജ് എടുക്കുന്നതു വരെ നിലവിലുള്ള പ്രോഗ്രാം ഓഫീസർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർ ഇല്ലാത്ത അവസ്ഥ ഒരു യൂണിറ്റിലും ഉണ്ടാവാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

പുതിയ പ്രോഗ്രാം ഓഫീസർമാരായി നിയമിതരാകുന്ന അദ്ധ്യാപകരുടെ സമ്മത പത്രം (affidavit) ,പ്രിൻസിപ്പലിന്റെ കവറിംഗ് ലെറ്ററോടുകൂടി ജില്ലാ കൺവീനർക്ക് നൽകേണ്ടതും , ഒന്ന് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്. എൻ എസ് എസ് സെല്ലിൽ നേരിട്ട് അയക്കേണ്ടതില്ല. ഒരു പ്രോഗ്രാം ഓഫീസറിന്റെ നിയമന കാലവധി കുറഞ്ഞത് മൂന്നു വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. ഈ പ്രവർത്തന കാലയളവിനുള്ളിൽ കേന്ദ്ര സർക്കാർ നടത്തുന്ന ഇ ടി ഐ ട്രെയിനിങ് കോഴ്സിൽ നിർദ്ദേശിക്കുന്ന സമയത്ത് നിർബദ്ധമായും പങ്കെടുക്കേണ്ടതുമാണ്. കവറിംഗ് ലെറ്റർ തയ്യാറാക്കേണ്ടത് , പ്രോഗ്രാം കോഡിനേറ്റർ ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം എൻ എസ് എസ് സെൽ , മൂന്നാം നില ഹൗസിംഗ് ബോർഡ് ബിൽഡിംഗ് ശാന്തി നഗർ, തിരുവനന്തപുരം , എന്ന മേൽവിലാസത്തിൽ ആയിരിക്കണം.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ

AFFIDAVIT

I.........................................................................................................................
........................................................( Name and School address of programme officer ) do hereby solemnly affirm & state as follows :-

I am willing to work as a National Service Scheme Programme Officer in ............................................................................................................ School from .............................. (Month & Year) to ............................ ( minimum three year service is essential ) .

I am willing to undergo NSS ETI Training with in one year , from the date of assuming the charge of NSS Programme Officer.

The above facts are true.

contact Number -

E-mail Id -

Place -
Date -

Name& Signature
Programme Officer

Countersigned by the Head of the Institution with Office Seal.